



# പുരോഗമന സാഹിത്യകാരന്മാരുടെ

# കടമ

## ഇടശ്ശേരി

ദേശാഭിമാനി റിപ്പബ്ലിക് വിശേഷാൽപ്രതിയിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് എഴുതിയ 'പുരോഗമനസാഹിത്യവും കമ്യൂണിസ്റ്റ് സാഹിത്യവും' എന്ന ലേഖനം ഞാൻ വായിച്ചു. അതിൽ അദ്ദേഹം ഇപ്രകാരം പറയുന്നു.

'സാഹിത്യകാരന്റെ സർഗാത്മകനിർമാണം വ്യക്തിനിഷ്ഠമാണെന്ന കാര്യത്തിൽ തർക്കമില്ല. ആ നിലക്ക് പ്രതിഭാശാലികളായ സാഹിത്യകാരന്മാർക്ക് വ്യക്തിസ്വാതന്ത്ര്യം അനുപേക്ഷണീയമാണ്- ഇതാണ് എടുത്തു പറയേണ്ട ആദ്യത്തെ മുഖ്യവസ്തുത.

അതേയവസരത്തിൽ എത്ര പ്രതിഭാശാലിയായ വ്യക്തിയും താനംഗമായ സമൂഹത്തിന്റെ സൃഷ്ടിയാണ്. ആ സമൂഹം വളർത്തിയുണ്ടാക്കുന്ന 'സാമൂഹ്യമനഃസാക്ഷി'യുടെ ഒരു ഭാഗമാണ്. ഈ 'സാമൂഹ്യമനഃസാക്ഷി'യുടെ ഏതെങ്കിലും ഒരംശമോ കൂടുതൽ അംശങ്ങളോ സത്യസന്ധമായി പ്രതിഫലിപ്പിക്കാനുള്ള കഴിവാണ് പ്രതിഭാശാലിയായ ഏതു സാഹിത്യകാരനെയും പൊതുജനപ്രീതിക്ക് വിധേയനാക്കുന്നത്. അതായത്, സാമൂഹ്യജീവിതത്തിനും സാമൂഹ്യ വികാരവിചാരങ്ങൾക്കും സ്വയം കീഴ്ചപ്പെടുത്തിക്കൊണ്ട് സാഹിത്യരചന നടത്തുവാൻ കഴിവുള്ളവരാണ് ഏറ്റവും നല്ല സാഹിത്യകാരന്മാരാവുന്നത്.'

ഇതെഴുതിയ ഇ.എം.എസ്സിനെ എനിക്ക് അഭിനന്ദിക്കാൻ തോന്നി. ഞാൻ ഉൾപ്പെടുന്ന ഒരു സമുദായത്തിന്റെ വികാരവിചാരങ്ങളാണ് എന്റെ സാഹിത്യത്തിനുള്ള കരുക്കൾ. ഞാൻ ഭൂതകാലത്തെക്കുറിച്ച് എഴുതുമ്പോഴും ഭാവനാനിഷ്ഠമായ ഭാവിയെക്കുറിച്ച് എഴുതുമ്പോഴും ആനുകാലികമായ സംഭവവിശേഷങ്ങൾ എന്റെ മനസ്സിൽ ഉണ്ടാക്കുന്ന പ്രതിപ്രവർത്തനങ്ങളിൽനിന്ന് മുക്തനാവാൻ എനിക്ക് സാധ്യമല്ല.

പക്ഷേ, അത്തരം പ്രതിപ്രവർത്തനങ്ങൾ സ്വന്തം ശീലങ്ങളെ നേരിടുമ്പോൾ എന്തായിത്തീരുമെന്നുള്ളത് വ്യക്തിഗതമായ കാര്യമാണ്. വിഭിന്നങ്ങളായ വീക്ഷണങ്ങൾ-അനുകൂലപ്രതികൂല വീക്ഷണങ്ങൾ-സ്വീകരിച്ചു എന്നു വരാം. ഏതായാലും അത് സമൂഹത്തിന്റെ അനുദിനചര്യയുടെ പ്രതിപ്രവർത്തനമാകാതിരിക്കാൻ വയ്യ.

### *എന്താണ് ഈ പുരോഗമനസാഹിത്യം?*

അനുകാലസമൂഹത്തിന്റെ വികാരവിചാരങ്ങൾ ഒരു കവിയിൽ സ്വാധീനത ചെലുത്താതെ വയ്യ. അവൻ അതിൽ ഉപേക്ഷാഭാവം കൈക്കൊള്ളുകയാണെങ്കിൽ ഒരു യഥാർത്ഥ കവിയല്ലാതായിത്തീരും. ബ്രഹ്മജ്ഞാനിയോ മറ്റോ ആയിത്തീരും. ആ സ്വാധീനതയ്ക്കു വഴങ്ങി കലാസൃഷ്ടികൾ നടത്തുമ്പോൾ തലേന്നുവരെ പക്ഷേ ഉണ്ടായിട്ടില്ലാത്ത ചില പുതുമകൾ (ആശയാവിഷ്കരണത്തിലും പ്രതിപാദനത്തിലുമുള്ള പുതുമകൾ) ആ കൃതിയിൽ ഉണ്ടാകാതെ വയ്യ.

ഒരേ സമയത്തുതന്നെ സ്വന്തം സമൂഹത്തിന്റെ കഷ്ടപ്പാടുകളിൽ പങ്കെടുക്കുകയും സ്വന്തം ഭാവനയിൽ മനുഷ്യകൃതമായ ദുഃഖത്തിൽനിന്ന് വിമോചിതമായ ഒരു പുതിയ സമൂഹത്തെ കാണുകയും ചെയ്യുക സ്വാഭാവികമാണ്. ഈ രണ്ടു വീക്ഷണഗതികളും പ്രായോഗികമാക്കുമ്പോൾ നൂതനമായ - അപൂർവ രൂപഭാവനകളോടുകൂടിയ - ഒരു കൃതി ഉടലെടുക്കും. അവിടെയും പ്രധാന പ്രശ്നം അതിൽ കവിത ഉണ്ടോ എന്നതാണ്. അല്ലാതെ കാലികമോ അനശ്വരമോ എന്നതല്ല; വിഷയം കാലികമാണെങ്കിൽകൂടി കൃതികൾ അനശ്വരമായിരിക്കുമെന്നാണെന്റെ വിശ്വാസം.

പിന്തിരിപ്പൻ സാഹിത്യത്തെക്കുറിച്ചു പറയുമ്പോൾ ആദ്യമായി ഒരു ഉദാഹരണം തരാം:

ജാതി ഹാ നരകത്തിൽനിന്നു പൊന്തിയ ശബ്ദം
പാർതിന്നും ചെകുത്താന്റെ ഏട്ടിലെ രണ്ടക്ഷരം!

ഇത് വള്ളത്തോൾ എഴുതിയതാണെന്നാണ് എന്റെ ഓർമ. അക്കാലത്ത് ഒരു രസികൻ ഇത് ഇപ്രകാരം തിരുത്തിവായിക്കുന്നതു കേട്ടു.

ജാതി ഹാ. സ്വർഗത്തിങ്കൽനിന്നു പൊന്തിയ ശബ്ദം,
പാർതാങ്ങും തമ്പുരാന്റെ ഏട്ടിലെ രണ്ടക്ഷരം!





ജാതിക്കുശുമ്പുകൊണ്ട് ബ്രിട്ടന്റെ അടിമത്തത്തിൽ കിടന്ന് വലയുമ്പോഴാണ് ഈ കവിതയും ഈ ഈരടിയും പുറത്തുവരുന്നത്. ഈ ഈരടി മുമ്പിൽ വെച്ച് അത് പിന്തിരിപ്പൻ സാഹിത്യമല്ല എന്നു പറയാൻ ധൈര്യം വരുന്നില്ല.

ഒരു കൃതി പൊതുജനപ്രീതി നേടുന്നത് എപ്പോഴാണ്?

സമൂഹത്തിന്റെ വികാരവിചാരങ്ങളോടൊപ്പം ഉയർന്നുപോകുന്ന വിചാരഗതികൾ ഉൾക്കൊള്ളുമ്പോഴാണ് നാം ഒരു കൃതിയെ ബഹുമാനിക്കുന്നത്. ആ വിചാരഗതിയിൽനിന്നും മതത്തിന്റെ പേരിലോ ആചാരത്തിന്റെ പേരിലോ പ്രതിലോമഗതി സ്വീകരിക്കുമ്പോൾ നമുക്ക് അതിനെ അഭിനന്ദിക്കാതിരിക്കാൻ വയ്യ.

ഇന്ത്യ ഇന്നൊരു സോഷ്യലിസ്റ്റ് രാഷ്ട്രമാണെന്നാണല്ലോ പറയുന്നത്. അതിന്റെ ഫലമായി സ്ഥാനമാനങ്ങൾ പൊയ്പോയ രാജാക്കന്മാർ മുതൽ ഇത്തിരി ജന്മാവകാശം നഷ്ടപ്പെട്ട സാധുമനുഷ്യർ വരെയുള്ളവർക്ക് ദുഃഖമുണ്ട്. ആ ദുഃഖം മറ്റേതൊരു ദുഃഖത്തെപ്പോലെയും സഹാനുഭൂതിയോടെ ശ്രദ്ധിക്കേണ്ടതുമാണ്. ഇത് എന്നെ ഒരു സാഹിത്യകൃതിക്ക് പ്രേരിപ്പിക്കുമ്പോൾ ഇവർക്കെല്ലാം നഷ്ടപ്പെട്ട സ്ഥാനമാനങ്ങൾ അതേപടി നേടിക്കൊടുക്കുകയും തത്ഫലമായി ഇന്ത്യയിലെ അധ്വാനിക്കാൻ തയ്യാറായ കോടാനുകോടി മനുഷ്യാത്മാക്കൾക്ക് ശാശ്വതമായ ചങ്ങലക്കെട്ടുകളെ ആശംസിക്കുകയും ചെയ്യുന്നതാണ് ആ കൃതിയെങ്കിൽ അതിന് എന്തെല്ലാം മേന്മയുണ്ടെങ്കിൽത്തന്നെയും അതൊരു പിന്തിരിപ്പൻ കൃതിയായിട്ടല്ലാതെ വീക്ഷിക്കാൻ നിവൃത്തിയില്ല. മറിച്ച് വിഷയം അതുതന്നെ. സ്ഥാനഭ്രഷ്ടരായ വ്യക്തികളെ വീണ്ടും സമുദായത്തിന്റെ ഇഴക്കുത്തുകളിൽ ഭംഗിയായി നിവേശിപ്പിക്കാനുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ ആ കൃതിയിൽ അടങ്ങിയിട്ടുണ്ടെങ്കിൽ അവയെ നാം ഒരു പുരോഗമനസാഹിത്യകൃതിയായി സ്വീകരിക്കുകയും ചെയ്യും.

കുടികിടപ്പവകാശം നേടുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

അത് പരിവർത്തനത്തിന്റെ ഭരതവാക്യമല്ല; നാന്ദിയാണ്. അത് ഒരുതരത്തിൽ അസ്വസ്ഥതപാകിയതാണ്. കുടികിടപ്പു കിട്ടിയവന്റെ മുമ്പിൽ രണ്ടു പ്രശ്നങ്ങൾ ഉണ്ട്. ഒന്ന്, അവൻ നടാടെ ഈ ഭൂമിയിൽ എന്തെങ്കിലും അവകാശമുള്ള വ്യക്തിയായിക്കഴിഞ്ഞു. അതായത് ഒരു പൗരനായിക്കഴിഞ്ഞു. രണ്ട്, ഇനി ഈ പൗരത്വം നിലനിർത്തണം. തന്റെ കുടുംബത്തിന് ഈ ഭൂമുഖത്ത് ജീവിക്കാൻ-വീടുവെക്കാൻ മാത്രമെങ്കിലും ഈ പത്തുസെന്റ് അപര്യാപ്തമാണ് എന്നത് എന്തുപോലെയും വ്യക്തമാണ്.

ഓരോ ഉൾക്കുടിപ്പുരയും അതിലെ അംഗങ്ങളെക്കൊണ്ട് വീർത്തു പൊട്ടാറായിരിക്കുന്നു. അടുത്ത നിമിഷത്തിൽ അതു പൊട്ടും. കുറെ ആളുകൾക്കു പുറത്തുപോകാതെ വയ്യ. അവർക്കു പഴയ മട്ടിൽ ഉൾക്കുടി കിട്ടാൻ പോകുന്നില്ല. അവർ കണ്ടവന്റെ തെങ്ങിൻചുവട്ടിൽ കിടക്കാനും പോകുന്നില്ല. ഞങ്ങൾ ദാനം ചെയ്യേണ്ടത് എന്നെന്നേക്കുമായി തന്നുകഴിഞ്ഞു എന്നു പറയാൻ സമൂഹത്തിന് അധികാരമില്ല. കാരണം ഇതൊരു ദാനമല്ല; ഇതൊരവകാശം വകവെച്ചുകൊടുക്കലാണ്. അല്ലാതെ ദയ യാചിച്ചു വാങ്ങലല്ല.

മുതലാളി കാരുണ്യം വെച്ചുനീട്ടി
തൊഴിലാളി നീതിക്കായങ്കംവെട്ടി,
പ്രശ്നം അതാണ്.

*അത്യാധുനിക സാഹിത്യത്തെക്കുറിച്ച് എന്താണ് അഭിപ്രായം?*

ഞാൻ കുറെയൊക്കെ അവരുടെ ഭാഗമാണ്. എന്നാൽ, അബോധമനസ്സിൽ അടിഞ്ഞുകൂടിക്കിടക്കുന്ന വാസനകൾ അല്ലെങ്കിൽ ദുർവാസനകൾ മാത്രമേ ഞങ്ങൾക്ക് ആവിഷ്കരണമായി പറയാനുള്ളൂ എന്നുള്ളത് അബദ്ധമാണ്. അതിന് മനഃശാസ്ത്രപരമായി വാദഗതികളുമുണ്ട്.

എല്ലാവരുടെ മനസ്സിലും അപ്രകാരമുള്ള വൈകൃതങ്ങൾ അടിഞ്ഞുകൂടിയിട്ടുണ്ടാകും. വിഷംകൊണ്ട് ചികിത്സ നടത്തുന്നതുപോലെ ഇത്തരം വൈകൃതങ്ങൾ മനുഷ്യോന്നമനത്തിന് പ്രയോഗിക്കുകയാണാവശ്യം. ആ വിചാരഗതിയില്ലാതെ ആത്മാവിഷ്കരണമെന്ന പേരിൽ യഥാർത്ഥമല്ലാത്ത അപ്രകാരമുള്ള വൈകൃതങ്ങളെ വെളിപ്പെടുത്തുന്നതിനു ഞാൻ എതിരാണ്.

ലൈംഗികവും, ലൈംഗികാഭാസവുമായ വിഷയങ്ങൾക്ക് മനുഷ്യജീവിതത്തിൽ വലിയ ഒരു സ്ഥാനമുണ്ട്. പക്ഷേ, അതു മാത്രമാണ് മനുഷ്യജീവിതമെന്ന് വിശ്വസിക്കാൻ വയ്യ. അത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോഴും ബോധപൂർവമായി മനുഷ്യോന്നമനത്തെ ലക്ഷ്യമാക്കണം. പരാർത്ഥ ജീവിതം എന്നൊന്നുണ്ട്. അതിൽ ആനന്ദവും ഉണ്ട്. ആ വഴിക്ക്





ആലോചിക്കുന്നവർക്ക് ഈ ലോകം ഒരു ദുഃഖപര്യവസായിയായ നാടകമല്ല. അവർ ഈ ലോകത്തെ യഥാർത്ഥമായി കണക്കാക്കുകയും ചെയ്യുന്നു. കാരണം, അത്തരം മനുഷ്യരും ഈ ലോകത്തിൽനിന്നുതന്നെ ആനന്ദാനുഭൂതി കൈവരിക്കുന്നു.

*വിഷാദാത്മകത എന്നാൽ എന്താണ്?*

അനർഹമായ ജീവിതാഭിലാഷങ്ങളിലുള്ള അത്യാസക്തിയല്ലേ ഈ വിഷാദാത്മകതയ്ക്ക് ഹേതു എന്ന് എനിക്ക് ബലമായ സംശയമുണ്ട്. ഇടപ്പള്ളിക്കവിതകളാണ് ഞാൻ ഉദ്ദേശിക്കുന്നത്.

*മനുഷ്യോന്നമനം എന്നാൽ അങ്ങ് ഉദ്ദേശിക്കുന്നത് എന്താണ്?*

ഞാൻ ഉദ്ദേശിക്കുന്നത് ജീവിതത്തിന്റെ സ്വാഭാവികമായ ലക്ഷ്യപ്രാപ്തി എന്നാണ്. താൻ ജീവിക്കുകയും അതേ സമയത്തുതന്നെ സ്വസഹോദരന്മാരുടെ ജീവിതത്തെ സഹായിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെക്കുറിച്ച് നമുക്ക് വിഭാവനംചെയ്യാം.

സ്വന്തം വേദനകളെ സ്വയം വിഴുങ്ങിയും അന്യരുടെ വേദനകളിൽ അനുതാപം പൂണ്ടുമുള്ള ജീവിതത്തെയാണ് ഒരുന്നത ജീവിതം എന്നു ഞാൻ വിളിക്കുന്നത്. ആ നിലവാരത്തിൽ തനിക്ക് എന്തു കിട്ടിയില്ല എന്നതല്ല പ്രശ്നം. താൻ എന്തു കൊടുത്തില്ല എന്നതാകും. അവിടെ ഒരു മാതാവിന്റെ അല്ലെങ്കിൽ പിതാവിന്റെ ശുദ്ധിയും സ്നേഹവും പ്രത്യക്ഷപ്പെടുന്നു. അവർക്ക് വിഷാദമില്ല.

മനുഷ്യമനസ്സിന്റെ ദുരൂഹത പുറത്തെടുക്കുന്നത് നല്ലതല്ല. എന്നാൽ അതുകൊണ്ട് പ്രയോജനമുണ്ടാകണം. കള്ളനെ കക്കാൻ പ്രേരിപ്പിക്കുന്ന മനോഭാവം മനസ്സിലാക്കുന്നത് നല്ലത്. എന്നാൽ ആ വിജ്ഞാനം കള്ളത്തരം ഇല്ലാതാക്കാൻ വേണ്ടിയായിരിക്കണം.

***ഒരു പരിധിവരെ അങ്ങ് അത്യന്താധുനികരുടെ കൂടെയാണെന്നു പറഞ്ഞുവല്ലോ. ഒന്നു വിശദീകരിക്കുമോ?***

അവരുടെ ഫോം നല്ലതാണ്. എന്നാൽ അതു മുഴുവൻ പെർഫെക്ടാണ് എന്ന വിശ്വാസമില്ല. ഒരു പരീക്ഷണം എന്ന നിലയിൽ സ്വാഗതാർഹം. കാരണം, സാഹിത്യനിർമിതിക്ക് പുതിയ പുതിയ രൂപങ്ങൾ ആവശ്യമാണ്. വൃത്തവൈചിത്ര്യം രൂപമല്ല. വൃത്തനിബദ്ധമായിരിക്കണമെന്നുമില്ല.

വൃത്തനിബദ്ധമല്ലെങ്കിൽക്കൂടി ഗദ്യവ്യതിരിക്തമായ ചിലതുകൂടിയുണ്ട്. ഉദാഹരണം ടാഗോറിന്റെ ഇംഗ്ലീഷിലുള്ള ഗീതാഞ്ജലി ഗദ്യവിവർത്തനമാണ്. പക്ഷേ, അതു കവിതയല്ലെന്നു പറയുകവയ്യ.

മലയാളത്തിൽ വിജയകരമായ അത്തരം ഒരു സംരംഭം കണ്ടിട്ടില്ല. ഒന്നുണ്ട് മേഘസന്ദേശത്തിന് കുട്ടികൃഷ്ണമാരാർ എഴുതിയ അർത്ഥവിവർത്തനം. അതു കവിതയാണ്. ചുരുക്കത്തിൽ ഒരു കവിതാനിർമാണത്തിന് പുറപ്പെടുമ്പോൾ അത് പഴഞ്ചനോ ആധുനികമോ അത്യന്താധുനികമോ ആകണമെന്നതല്ല പ്രശ്നം. അതിൽ കവിത വേണം എന്നുള്ളതാണ്. അതുണ്ടെങ്കിൽ പിന്നെ എന്തുമാകാം.

*കവിതയിൽ അലങ്കാരം അത്യന്താപേക്ഷിതമാണോ?*

അലങ്കാരം പ്രതിപാദന സൗകര്യത്തിനുവേണ്ടിയാണ്. പ്രതിപാദനം ആശയവിനിമയത്തെ എത്രമാത്രം പ്രയോജനപ്പെടുത്തുന്നു അത്രത്തോളം അലങ്കാരവും പ്രയോജനപ്പെടും. ഇതാ ഒരു സന്ദർഭം:

ഉമ ശിവനുവേണ്ടി തപസ്സുചെയ്യുന്നു. കഠിന തപസ്സ്. ഏറെക്കാലം കഴിഞ്ഞപ്പോൾ ഒരു വടു അവിടെ കയറിവന്നു ചോദിച്ചു: 'നീ എന്തിനാണ് തപസ്സു ചെയ്യുന്നത്?' അവളുടെ തോഴി പറഞ്ഞു. 'അസുലഭനായ ശിവനെ ഭർത്താവായി കിട്ടാൻ വേണ്ടിയാണ്.' വടു ഹസിച്ചു. ശിവനുള്ള എല്ലാ ദോഷങ്ങളും പ്രഖ്യാപനംചെയ്തു.

ഒടുവിൽ ഉമയ്ക്ക് സഹിക്കാതായി. അവൾ കുറെ വാദിച്ചു. അതുകൊണ്ടും സ്വന്തം രോഷം അവസാനിക്കാതെ ഒരു സാധാരണസ്ത്രീയെപ്പോലെ അവൾ പ്രഖ്യാപിച്ചു.

ഞാൻ ഒരു തോന്ന്യാസിയാണെന്ന് വിചാരിച്ചുകൊള്ളൂ. എനിക്ക് ആ മൂപ്പരെയാണ് ഇഷ്ടം.

ഇത്രയും പറഞ്ഞ് ഉമ തിരിഞ്ഞുനടന്നു. പെട്ടെന്നാണ് വടു ശിവനായി പ്രത്യക്ഷപ്പെടുന്നത്. ആ സമയത്തെ ഉമയെ ചിത്രീകരിക്കുവാൻ കാളിദാസനു മാത്രമേ കഴിയൂ. അവൾ അപ്പോൾ



**പുരോഗമന**
**സാഹിത്യകാരന്മാരുടെ**
**കടമ**
**ഇടശ്ശേരി**



എന്തുചെയ്തു എന്നദ്ദേഹം പറഞ്ഞില്ല. എന്ത് ചെയ്തില്ല എന്നാണ് പറഞ്ഞത്.

അദ്ദേവനെ സ്പദി പാർത്തു വിയർത്തുകൊണ്ടും
നീങ്ങാനെടുത്തൊരടി ഊഴിയിലൂന്നിടാതെ
കുന്നിൽത്തടഞ്ഞ പുഴപോലെ കുഴങ്ങി; മധ്യേ-
നിന്നില്ല, കന്നൽമിഴിയൊട്ടുനടന്നുമില്ല.

എന്തു ചെയ്തില്ല എന്നാണ് പറഞ്ഞത്. അവൾ വ്യക്തി എന്നതുമാറി വികാരമായി കലാശിച്ചു. അതുകൊണ്ട് എന്തുചെയ്തു എന്നു പറയുന്നതിൽ അർത്ഥമില്ല. വികാരത്തിന്റെ പിരിമുറുക്കത്തെ അലങ്കാരംകൊണ്ട് കാണിച്ചു തന്നു. ഇവിടെയാണ് അലങ്കാരത്തിന്റെ ആവശ്യം.

ജനങ്ങളുടെ സങ്കീർണങ്ങളായ വികാരങ്ങളെ അതേ ശക്തിയോടെ വർണിക്കാൻ ഭാഷക്ക് ശക്തിയില്ല എന്ന് വിലപിക്കുന്ന പുത്തൻ കൂറ്റുകാർ അത്തരം സന്ദർഭങ്ങളെ പൂർവസൂരികൾ എപ്രകാരം നേരിട്ടു എന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും.

വ്യാകരണത്തെ തെറ്റിക്കുക, പദങ്ങളെ കുന്നുകൂട്ടി പ്രയോഗിക്കുക ഇതെല്ലാം സ്വന്തം വികാരവിചാരങ്ങളുടെ ഊഷ്മളമായ ആവിഷ്കരണത്തിനുവേണ്ടി പ്രയോഗിക്കാനുള്ള പ്രവണത വർധിച്ചുവരുന്നതായി കാണുന്നുണ്ട്. ആ സമ്പ്രദായത്തിൽ ഒരു കുഴപ്പമുണ്ട്. എഴുത്തുകാരൻ ഉദ്ദേശിക്കാത്ത ഹാസ്യരസം പരിസ്ഫുരിച്ചുപോകും. നാടകത്തിൽ നടി വാവിട്ടു കരയുമ്പോൾ പ്രേക്ഷകർ പൊട്ടിച്ചിരിക്കുന്നതുപോലെ. എന്നുവെച്ചാൽ ഉദ്ദേശിക്കാത്ത അർത്ഥമാണ് ഉളവാകുക എന്നർഥം.

*ദേശാഭിമാനിവാരികയ്ക്കുവേണ്ടി എം.എൻ. കുറുപ്പ് ഇടശ്ശേരിയുമായി*
*നടത്തിയ ഒരഭിമുഖസംഭാഷണം.*